(ഡി) എം. സി. റോഡിന്റെ പൂർണ്ണമായ വികസനം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

മരാമത്തു വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എം. സി. റോഡിന്റെ തൈക്കോട്-കൊട്ടാരക്കര (46.01 കി.മീറ്റർ), കൊട്ടാരക്കര-അടൂർ-ചെങ്ങന്നൂർ (44.40 കി. മീറ്റർ), മൂവാറ്റുപുഴ-അങ്കമാലി (31.4 കി.മീറ്റർ) ദൂരം റോഡുപണി വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചെങ്ങന്നൂർ-ഏറ്റുമാനൂർ (47 കി.മീറ്റർ), ഏറ്റുമാനൂർ-മൂവാറ്റുപുഴ (43 കി.മീറ്റർ) ദൂരം റോഡുപണിയുടെ ടെണ്ടർ സ്വീകരിച്ചുകഴിഞ്ഞു. ടെണ്ടർ ലോകബാങ്കിനു അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) ഒന്നാംഘട്ട പദ്ധതിക്കുള്ള സ്ഥലമെടുപ്പ് പൂർത്തിയായി വരുന്നു. രണ്ടാംഘട്ട പദ്ധതിക്കുള്ള സ്ഥലമെടുപ്പ് നടപടി ആരംഭിച്ചു കഴിഞ്ഞു.

(സി) സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് റോഡുപണി വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. തൈക്കോട്-കൊട്ടാരക്കര, കൊട്ടാരക്കര-അടൂർ-ചെങ്ങന്നൂർ, മൂവാറ്റുപുഴ-അങ്കമാലി റോഡുകളിൽ 18.3 കി.മീറ്റർ ദൂരം D.B.M., 22.625 കി. മീ. ദൂരം W.M.M., 23.525 കി. മീ. ദൂരം G.S.B. പണികൾ പൂർത്തിയാക്കി. 72 കലുങ്കുകളുടെ പണി പൂർത്തിയായി. പാലങ്ങളുടെ പണി പുരോഗതിയിലാണ്.

(ഡി) 2007 ജൂണിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സംസ്ഥാന സഹകരണ യൂണിയന്റെ പ്രവർത്തനം

*12 [367] ശ്രീ. വി. കെ. സി. മമ്മത്കോയ:
„ കെ. വി. കുഞ്ഞിരാമൻ:
„ എ. കെ. ബാലൻ:
„ ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ യൂണിയന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) സഹകരണ മേഖലയിൽ എന്തെല്ലാം നിലയിലുള്ള പുതിയ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കാണ് യൂണിയൻ രൂപം നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന സഹകരണ യൂണിയൻ നടത്തുന്ന കോഴ്സുകളുടെ സിലബസ് പരിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ഡി) സംസ്ഥാന സഹകരണ യൂണിയൻ തെരഞ്ഞെടുത്ത ഭരണസമിതി നിലവിലുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഉണ്ട്.

(ബി) യൂണിയൻ നടത്തുന്ന എച്ച്. ഡി. സി. ആന്റ് ബി. എം. ജെ. ഡി. സി. കോഴ്സുകൾക്കു പുറമെ നാഷണൽ കോ-ഓപ്പറേറ്റീവ് യൂണിയൻ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മാനേജുമെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമുകളും കമ്പ്യൂട്ടർ ക്ലാസ്സുകളും സഹകരണ സംഘങ്ങളിലെ ജീവനക്കാർ, പ്രസിഡന്റ്, സെക്രട്ടറി, സംഘാംഗങ്ങൾ എന്നിവർക്ക് നൽകിവരുന്നു.

(സി) സിലബസ് പരിഷ്കരിക്കാൻ ഇപ്പോൾ ഉദ്ദേശ്യമില്ല.

(ഡി) തെരഞ്ഞെടുത്ത ഭരണസമിതി ഇപ്പോൾ നിലവിലില്ല. സർക്കിൾ സഹകരണ യൂണിയനുകളുടെ ഭരണസമിതി ചാർജ്ജെടുത്ത് സംസ്ഥാന സഹകരണ യൂണിയൻ ജനറൽ ബോഡിയിലേക്ക് ഡെലിഗേറ്റുമാരുടെ പേരുവിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ സംസ്ഥാന സഹകരണ യൂണിയൻ തെരഞ്ഞെടുപ്പ് നടത്തുന്നതിന് സാധിക്കുകയുള്ളു. മാത്രമല്ല ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുള്ള കേസിന്മേൽ അന്തിമ ഉത്തരവ് ലഭിക്കാത്തതും തെരഞ്ഞെടുപ്പ് നടക്കാത്തതിന് കാരണമാണ്.

"സുനാമിയിൽ നശിച്ച വീടുകൾ നിന്ന സ്ഥലങ്ങളിൽ ടൗൺഷിപ്പുകൾ"

*13 [368] ശ്രീ. വി. ഡി. സതീശൻ:
„ ഡി. സുഗതൻ:
„ സി. പി. മുഹമ്മദ്:
„ പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി തിരകൾ നശിപ്പിച്ച വീടുകൾ നിന്ന സ്ഥലങ്ങളിൽ എവിടെയെല്ലാം ടൗൺഷിപ്പുകൾ രൂപീകരിക്കാനുദ്ദേശ്യമുണ്ട്;

(ബി) പ്രസ്തുത ടൗൺഷിപ്പുകളിൽ എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്താനുദ്ദേശിക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly